# എൻ.എസ്.എസ്സിന് എതിരെ കൊടുത്തിട്ടുള്ള കേസുകളുടെ നാൾവഴി

നായർ സർവീസ് സൊസൈറ്റി പോലെ കേരളത്തിലുള്ള നോൺ ട്രേഡിംഗ് കമ്പനികൾക്ക് കമ്പനി നിയമം 2013 ബാധകമാണോ എന്നുള്ള കാര്യം പരിശോധിക്കാനായി നായർ സർവീസ് സൊസൈറ്റി ഉൾപ്പെടെയുള്ളവരുടെ ഒരുകൂട്ടം ഹർജികൾ ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

കമ്പനി നിയമം 2013 നായർ സർവീസ് സൊസൈറ്റിക്ക് ബാധകമാണ് എന്നുപറഞ്ഞ് ചിലർ നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ കൊച്ചി ബഞ്ച് മുമ്പാകെ ടി നിയമത്തിലെ 241, 242 വകുപ്പുകൾ പ്രകാരം പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി.

അതിനെതിരെ നായർ സർവീസ് സൊസൈറ്റി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, കമ്പനി നിയമം 2013 നായർ സർവീസ് സൊസൈറ്റിക്ക് ബാധകമല്ല എന്നും കേരളാ നോൺ ട്രേഡിംഗ് കമ്പനി നിയമം 1961 ആണ് നായർ സർവീസ് സൊസൈറ്റിക്ക് ബാധകമെന്നും ഉള്ള എൻ.എസ്.എസ്സിന്റെ വാദത്തിൽ പ്രഥമദൃഷ്ട്യാ കഴമ്പുണ്ടെന്നു കണ്ട് ബഹു. ഹൈക്കോടതി, നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൽ നായർ സർവീസ് സൊസൈറ്റിക്ക് എതിരായ തുടർനടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി.

അങ്ങനെയിരിക്കെ നായർ സർവീസ് സൊസൈറ്റി, ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾ, കരയോഗം രജിസ്ട്രാർ, ചാർട്ടേർഡ് അക്കൗണ്ടന്റ് എന്നിവരെ പ്രതിയാക്കി കമ്പനി നിയമം 2013 വകുപ്പ് 435, 439 പ്രകാരം ടി നിയമത്തിലെ വിവിധ വകുപ്പുകളുടെ ലംഘനം ആരോപിച്ച് ഒരു വ്യക്തി എറണാകുളം അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി മുമ്പാകെ അന്യായം ഫയൽ ചെയ്യുകയുണ്ടായി. ടി അന്യായത്തിനെതിരെ നായർ സർവീസ് സൊസൈറ്റിയും ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങളും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അതിനെ തുടർന്ന് ടി കേസിലെ എല്ലാ തുടർനടപടികളും സ്റ്റേ ചെയ്തിട്ടുള്ളതും 8.7.2024-ൽ ബഹു. ഹൈക്കോടതി 2025 ജനുവരി 8-ാം തീയതി വരെ സ്റ്റേ നീട്ടിയിട്ടുള്ളതുമാണ്.

ജനറൽ സെക്രട്ടറിക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും എതിരെ ജാമ്യമുള്ള വാറന്റ് പുറപ്പെടുവിച്ച വാർത്ത സോഷ്യൽ മീഡിയ മുഖേന പ്രചരിപ്പിക്കുകയും, എന്നാൽ അതേ കോടതിതന്നെ സ്വമേധയാ ടി ഉത്തരവ് പിൻവലിച്ച നടപടി മറച്ചുവയ്ക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇത്തരം ഒരു വിശദീകരണം നല്കേണ്ടിവന്നത്.